പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 453

27/9/2011 ൽ മറുപടിയ്ക്ക്

## 'ആശ്വാസകിരണം ' പദ്ധതി

ചോദ്യം

ഉത്തരം

ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി :

ഡോ. എം.കെ. മുനീർ :

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി:

| | |
|---|---|
| (എ). 'ആശ്വാസകിരണം ' പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ). തീവ്രമായ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ബുദ്ധിമാന്ദ്യമുള്ളവർ, സെറിബ്രൽ പാൾസി/ഓട്ടിസം മൂലം അവശത ഉള്ളവർ , പല വിധ കാരണങ്ങളാൽ ശയ്യാവലംബരായവർ തുടങ്ങിയവരെ പരിചരിക്കുന്നവർക്ക് പ്രതിമാസം 300/- രൂപ ധനസഹായം നൽകുന്ന പദ്ധതിയാണ് 'ആശ്വാസകിരണം'. ഈ പദ്ധതിപ്രകാരം ഇതുവരെ സാമൂഹ്യസുരക്ഷാമിഷനിൽ നിന്നും 8088 പേർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. കൂടുതൽ പേരെ ഉൾപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |
| (ബി). വീടിനുള്ളിൽ അവശനിലയിൽ കഴിയുന്നവരുടെ, വിശിഷ്യാ വൃദ്ധജനങ്ങളുടെ, സംരക്ഷണത്തിനായി ഈ പദ്ധതിപ്രകാരം എന്തൊക്കെ നടപടികൾ കൈക്കൊള്ളും ; | (ബി). വാർദ്ധക്യസഹജമായ മറ്റു അസുഖത്താൽ ശയ്യാവലംബരായവരുടെ അഥവാ രോഗിയ്ക്ക് ഒരു പൂർണ്ണസമയ പരിചാരകന്റെ സേവനം ആവശ്യമാണ് എന്ന് സർക്കാർ ഡോക്ടർ സാക്ഷ്യപ്പെടുത്തുന്ന പക്ഷം വൃദ്ധരായവരുടെ പരിചാരകർക്കും ഈ പദ്ധതിയുടെ പ്രയോജനം നൽകിവരുന്നു |
| (സി). പദ്ധതിയ്ക്കായി എത്ര തുക ചെലവഴിക്കും; ചെലവിനായുള്ള | (സി). ബഡ്ജറ്റ് വിഹിതമായി ലഭ്യമാകുന്ന 12 കോടി രൂപ പദ്ധതിയ്ക്കായി |

| | |
|---|---|
| സാമ്പത്തിക സ്രോതസ്സ് വിശദമാക്കുമോ; | വിനിയോഗിക്കാവുന്നതാണ്. |
| (ഡി). പദ്ധതിയുമായി ബന്ധപ്പെട്ട് ഇതിനകം കൈക്കൊണ്ടതും ഭാവിയിൽ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ? | (ഡി). തീവ്രമായ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നതിനാൽ ശയ്യാവലംബരായി വീടിനുള്ളിൽ തന്നെ കഴിയുന്നവരുടെ പരിചാരകർക്ക് ധനസഹായം നൽകി കൊണ്ടാണ് ഈ പദ്ധതി നിലവിൽ വന്നത്.<br><br>തുടർന്ന് സെറിബ്രൽ പാൾസി, ഓട്ടിസം, കടുത്ത ബുദ്ധിമാന്ദ്യം തുടങ്ങിയവയാൽ അവശത അനുഭവിക്കുന്നവരെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് 28/1/2011 ലെ ജി.ഒ ( എം.എസ്) 9/2011.സാമൂഹ്യക്ഷേമവ പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടുതൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിയ്ക്കുന്ന വിധത്തിൽ ഈ പദ്ധതിയിൽ ഭേദഗതികൾ വരുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |

R. Vijayak

സെക്ഷൻ ഓഫീസർ